# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണം - പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായിരുന്ന അന്തരിച്ച ജി.ശ്രീകുമാറിന്റെ ഭവന നിർമ്മാണ വായ്പ്പയിൽ പലിശയിനത്തിലെ ബാധ്യത ഒഴിവാക്കിയും മുതലിനത്തിലെ ബാധ്യതയിൽ നിന്നും 1,06,871/- രൂപ എഴുതിത്തള്ളിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ ) നം.**1439/2016/**തസ്വഭവ തീയതി, തിരുവനന്തപുരം, 11/4/2016

---

പരാമർശം : 1. ശ്രീമതി ലീന എം-ന്റെ 23.05.2014 ലെ അപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 28.08.2014 & 12.02.2015 തീയതികളിലെ എ 3-30372/14 നമ്പർ കത്തുകൾ

## ഉത്തരവ്

പെരിങ്ങമല ഗ്രാമ പഞ്ചായത്തിൽ അക്കൗണ്ടന്റായിരുന്ന അന്തരിച്ച ജി. ശ്രീകുമാർ ഭവന നിർമ്മാണ വായ്പയായി കൈപ്പറ്റിയ തുകയുടെ തിരികെ അടയ്ക്കാനുള്ള ബാധ്യത ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ടിയാന്റെ വിധവ ശ്രീമതി. എം. ലീന പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 കത്തുകൾ പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ജി. ശ്രീകുമാർ 8,29,000/- രൂപ കൈപ്പറ്റുകയും 82,800/- രൂപ തിരികെ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം 21/04/2013 ൽ അന്തരിച്ചു. ടി ഭവന നിർമ്മാണ വായ്പയിൽ 7,46,200/- രൂപ മുതലും പലിശ 93,129/- രൂപയും ബാധ്യതയായി നിൽപ്പുണ്ട്. ടിയാന്റെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ ദയനീയമാണെന്നും ടിയാന്റെ മരണാനന്തര ആനുകൂല്യങ്ങൾ മാത്രമാണ് കുടുംബത്തിന്റെ ആശ്രയമായിട്ടുള്ളതെന്നും ആയതിൽ ബാധ്യത DCRG യിൽ നിന്നും ഈടാക്കുന്നത് ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് ടിയാന്റെ വിധവ ആവശ്യപ്പെട്ടിട്ടുള്ളത്. നിലവിലെ വ്യവസ്ഥകൾ പ്രകാരം പരേതനായ ഉദ്യോഗസ്ഥന്റെ 2 ലക്ഷം രൂപവരെയുള്ള ബാധ്യതകൾ മാത്രമെ എഴുതിത്തള്ളാൻ വ്യവസ്ഥയുള്ളൂവെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടിയാന്റെ ആശ്രിതരായി ഭാര്യയും രണ്ട് പെൺമക്കളും മാതാവുമാണുള്ളത്. ടിയാന്റെ DCRG യിൽ നിന്നും ബാധ്യത ഈടാക്കിയാൽ ആ കുടുംബത്തിന്റെ സ്ഥിതി കൂടുതൽ ബുദ്ധിമുട്ടാകുമെന്നും സൂചിപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായി ജോലി ചെയ്തു വരവേ 21.04.2013-ൽ അന്തരിച്ച ജി.ശ്രീകുമാറിന്റെ ഭവന നിർമ്മാണ വായ്പ്പയിൽ പലിശയിനത്തിലെ ബാധ്യതയായ 93,129/- രൂപ ഒഴിവാക്കുന്നതിനും, മുതലിനത്തിലെ ബാധ്യതയിൽ നിന്നും 1,06,871 /- രൂപ " 2075-00-795-98 HBA write off " എന്ന ശീർഷകത്തിൽ ചെലവും " 7610-00-201-HBA-98-State Service officers(N/V) " എന്ന ശീർഷകത്തിൽ വരവും കാണിച്ച് എഴുതിത്തള്ളിയും ഉത്തരവാകുന്നു. മുതലിനത്തിൽ ശേഷിക്കുന്ന 6,39,329/- രൂപ ടിയാന്റെ DCRG യിൽ നിന്നും ഈടാക്കേണ്ടതാണ്. DCRG മതിയായില്ലെങ്കിൽ ബാക്കി തുക അനന്തരാവകാശികളോട് ഒരുമിച്ച് അടയ്ക്കാൻ ആവശ്യപ്പെടേണ്ടതും അടയ്ക്കാത്തപക്ഷം റവന്യൂ റിക്കവറി നടത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല.സി.എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീമതി ലീന എം, W/o ലേറ്റ് ശ്രീകുമാർ ജി, അനിഴം, പ്ളാമൂട്, പെരിങ്ങമല പി.ഒ, തിരുവനന്തപുരം - 695 563 (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.
ധനവകുപ്പ് ( 17.12.2015 ലെ 82945/എച്ച്ബിഎ 1/2015/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 1/114/2015/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ